# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ. ബൈജുനാഥ്,
ബഹു. ജുഡീഷ്യൽ ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 3142/11/12/2023/ TVM**

പരാതികക്ഷി : ഡി.സെൽവരാജ്, ടി.സി.29/4079
പനവിള, തൈക്കാട് പി.ഒ, തിരുവനന്തപുരം

എതിർകക്ഷി : പനവിളയിൽ താമസം വള്ളിയമ്മ

**ഉത്തരവ് തീയതി 12.03.2024**

എതിർകക്ഷി ഡ്രൈനേജ് സ്ഥലം കൈയ്യേറി വീടും ചായക്കടയും നിർമ്മിച്ചതു കാരണ ഡ്രൈനേജ് ബ്ലോക്ക് ആകുന്നതായും, സമീപവാസികൾ ഇതു കാരണം വളരെയധിക ബുദ്ധിമുട്ട് അനുഭവിച്ചുവരുന്നതായും, എതിർകക്ഷിക്ക് തിരുവനന്തപുരം നഗരസഭ പരിധിയിൽ വിവിധ സ്ഥലങ്ങളിൽ വീടും കടമുറികളും ഉള്ള വ്യക്തിയാണെന്നും, ഇത സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ, നഗരസഭ സെക്രട്ടറി എന്നിവർക്ക് പരാത നൽകിയിട്ട് നടപടി ഉണ്ടാകുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത ലഭിക്കുകയും ചെയ്തു പരാതിയിന്മേൽ സ്ഥല പരിശോധന നടത്തിയതിൽ തിരുവനന്തപുര നഗരസഭയിലെ വഴുതക്കാട് വാർഡിൽ ടി.സി.29/4079 നമ്പർ കെട്ടിടത്തിൽ താമസിക്കുന്ന ശ്രീമതി വള്ളിയമ്മ എന്ന വ്യക്തി നഗരസഭയുടെ അനുതി കൂടാതെ ഒരു ചായക്കട നിർമ്മിച്ചിട്ടുള്ളതും, ടി നിർമ്മാണം KMBR 2019 Rule 26 Table(4) പ്രകാര അനധികൃതമാണെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി അനധികൃത നിർമ്മാണം അടിയന്തിരമായി പൊളിച്ചു മാറ്റുന്നതിന് ടിയാരിക്കെതിരെ കേരളാ മുൻസിപ്പൽ ആക്ട് അനുശാസിക്കുന്ന വിധം സെക്ഷൻ 406 പ്രകാരം താത്കാലിക ഉത്തരവ്, സ്ഥി

ഉത്തരവ് എന്നിങ്ങനെയുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ പറഞ്ഞുകാണുന്നു.

പരാതി സംഗതിയിൽ കേരളാ മുൻസിപ്പൽ ആക്ട് പ്രകാരമുള്ള നടപടികൾ നഗരസഭാ അധികൃതർ സ്വീകരിച്ചുവരുന്നതായി റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും ആയതിന്മേൽ തുടർനടപടികൾ ഒന്നും നാളിതുവരെ ഉണ്ടായിട്ടില്ലായെന്ന് പരാതി പരിഗണനക്കെടുത്ത 12.03.2024 തീയതി പരാതികക്ഷി കമ്മീഷനെ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ നഗരസഭ തുടർന്നുവന്ന കേരളാ മുൻസിപ്പൽ ആക്ട് പ്രകാരമുള്ള നിയമനടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

Amruthesv.
രജിസ്ട്രാർ